2. മൊകേരി—കായക്കൊടി പാലൊളി തൊട്ടിൽ പാലം റോഡ്.

ഇതിൽ ഒന്നാമത്തെ റോഡിന്റെ ഒരു റീച്ച് എന്ന നിലയ്ക്ക് ചെറുപുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ പണിയുടെ ഏർപ്പാടുണ്ടായിട്ടുണ്ട്. രണ്ടാമത്തെ റോഡിന്റെ 0/0 മുതൽ 6/0 വരെയുള്ള റീച്ചിന്റെ പണി തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചാലക്കുടി നിയോജക മണ്ഡലത്തിലെ എം.എൽ.എ. റോഡ്

363 [689] ശ്രീ. കെ. ജെ. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജക മണ്ഡലത്തിലെ രണ്ടു എം.എൽ.എ റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു വ്യക്തമാക്കാമോ;

(ബി) എന്നത്തേയ്ക്ക് ഈ പണി തുടങ്ങുവാൻ പറ്റുമെന്നു പറയാമോ;

(സി) ഈ പണി അടിയന്തിരമായി തുടങ്ങുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി നിയോജക മണ്ഡലത്തിലെ രണ്ടു എം.എൽ.എ. റോഡുകളും പൊതുമരാമത്തു വകുപ്പു ഏറെറടുക്കാൻ ഉത്തരവായിട്ടുള്ളതാണ്. രണ്ടു റോഡുകളുടെയും എസ്റ്റിമേറ്റുകൾക്ക് രേണാനുമതി നൽകിക്കഴിഞ്ഞു. മേലൂർ നാലുകെട്ടു റോഡും തരൂർ വെറ്റിലപ്പാറ വെട്ടുകുഴി ചായ്പാൽകുഴി റോഡിന്റെ ഒന്നാം റീച്ചിന്റെ പണിയും ഏറെറടുത്തു നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ടെൻഡർ വിളിച്ചു ടെൻഡർ അംഗീകരിച്ചു നടപടികൾ പൂർത്തിയാക്കിയ ശേഷമേ പണി തുടങ്ങുവാൻ കഴിയുകയുള്ളു. ആകയാൽ എന്നത്തേയ്ക്കു പണി തുടങ്ങാൻ കഴിയുമെന്നു ഇപ്പോൾ കൃത്യമായി പറയുക പ്രയാസമാണ്.

(സി) പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ബൈപാസ് റോഡിന്റെ അലൈൻമെന്റ്

364 [690] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിൽപ്പെട്ട കോഴിക്കോട് ബൈപാസ് റോഡിന്റെ അലൈൻമെന്റ് അവസാനമായി തീരുമാനിക്കപ്പെട്ടുവോ;

(ബി) ഈ ബൈപാസ് റോഡ് മലപ്പുറം കോഴിക്കോട് റോഡിൽ എവിടെനിന്നും ആരംഭിച്ച് കോഴിക്കോട് കണ്ണൂർ റോഡിൽ എവിടെയാണ് വന്ന് ചേരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ബൈപാസ് റോഡിനു എത്ര കി.മീ. ദൂരം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ ബൈപാസ് റോഡിനു മതിപ്പു ചെലവു പ്രതീക്ഷിക്കുന്നത് എത്ര സംഖ്യയാണ്;

LIBRARY ARCHIVES Kerala Legislative Assembly